**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6738** **21-03-2023 - ൽ മറുപടിയ്ക്ക്**

**വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ നൈപുണ്യ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ എൻ.എസ്.ക്യൂ.എഫ്. പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനായി നിലവിലുള്ള ഇൻസ്ട്രക്ടർ, ലാബ് അസിസ്റ്റൻറ് മുതലായ തസ്തികയിലുള്ള ജീവനക്കാരുടെ പുനർവിന്യാസം ഈ അധ്യയന വർഷം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | വി.എച്ച്.എസ്.ഇ-യിൽ എൻ.എസ്.ക്യൂ.എഫ്. പാഠ്യപദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലുള്ള ജീവനക്കാരെ പുനർവിന്യാസം ചെയ്യുന്നത് സംബന്ധിച്ച് തീരുമാനങ്ങൾ ഒന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല. |
| (ബി) | പ്രസ്തുത മേഖലയിൽ നൈപുണ്യ പദ്ധതി വ്യാപിപ്പിക്കുവാൻ സ്കിൽ സെന്ററുകൾ ബ്ലോക്കുകൾ തോറും ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എന്നത്തേയ്ക്ക് നടപ്പാക്കും; വിശദമാക്കാമോ? | (ബി) | STARS പ്രൊജക്ടിന്റെ ഭാഗമായി ബ്ലോക്ക് തലത്തിൽ നൈപുണ്യകേന്ദ്രങ്ങൾ അടുത്ത അക്കാദമിക വർഷം മുതൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ